**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 482** **09-08-2023 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി മണ്ഡലത്തിലെ എ.ഡി.എഫ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി മണ്ഡലത്തിൽ 2016-17 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷത്തിൽ എം.എൽ.എ. എ.ഡി.എഫ് പദ്ധതികൾ നടപ്പാക്കിയപ്പോഴുള്ള ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; | (എ) | 04/08/2018ലെ സ.ഉ.(അച്ചടി)നം.119/2018/ധന. ഉത്തരവ് പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. ആയതിനാൽ 2017-18 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ടെൻഡർ സേവിംഗ്സ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.<br><br>**2017-18 – Rs. 62,62,908.20/-**<br><br>**2018-19 – Rs. 58,12,575.61/-**<br><br>**2019-20 – Rs. 82,10,935.36/-**<br><br>**2020-21 – Rs. 35,16,986.01/-**<br><br>**2021-22 – Rs. 87,49,856/-**<br><br>**2022-23 – Rs. 19,62,423.06/-**<br><br>ആകെ - **Rs. 3,45,15,684.24/-** |
| (ബി) | പ്രസ്തുത പദ്ധതികളിലെ ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് നടപ്പാക്കാവുന്ന പദ്ധതികളും മാനദണ്ഡങ്ങളും വ്യക്തമാക്കാമോ; | (ബി) | നിയോജകണ്ഡല ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ട 04/08/2018 ലെ സ.ഉ.(അച്ചടി)നം.119/2018/ധന. ഉത്തരവിലെ അനുബന്ധം-1 പ്രകാരമുള്ള അനുവദനീയമായ പ്രവൃത്തികളിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ ടെൻഡർ സേവിംഗ്സ് ഉപയോഗിച്ച് നടപ്പാക്കാവുന്നതാണ്. പ്രസ്തുത ഉത്തരവിലെ ടെൻഡർ സേവിംഗ്സുമായി ബന്ധപ്പെട്ട ഖണ്ഡിക 2.8, 2.9 എന്നിവയും 31/03/2022 തീയതിയിലെ സ.ഉ.(അച്ചടി) നം.40/2022/ധന ഉത്തരവിലെ ഖണ്ഡിക 2.9 a യും ഭേദഗതി ചെയ്ത 17.12.2022 തീയതിയിലെ സ.ഉ.(അച്ചടി) നം.145/2022/ധന. ഉത്തരവ് പ്രകാരം "പ്രായോഗികമായി, ഒരു പ്രവൃത്തി പൂർത്തിയാക്കി |

| | | | |
|---|---|---|---|
| | | | അന്തിമ ബിൽ (FINAL BILL) തയ്യാറാക്കി കഴിഞ്ഞാൽ മാത്രമേ ആ പ്രവൃത്തിയുടെ യഥാർത്ഥ ചെലവു മനസ്സിലാക്കാൻ കഴിയൂ എന്നതിനാൽ, ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ, പൂർത്തിയാക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുമ്പോൾ ഉണ്ടാകുന്ന സേവിംഗ്സ് (Actual Savings) ഏതു സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്താൻ സാധിക്കുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനു വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനു വേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. കൂടാതെ ഒരു സാമ്പത്തിക വർഷത്തെ ടെണ്ടർ സേവിംഗ്സ് തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 എന്ന നിബന്ധനയും 5 കോടി രൂപ എന്ന പരിധിയും നിഷ്കർഷിക്കേണ്ടതില്ല." എന്നും ഉത്തരവായിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി അനുമതി നൽകുന്നതിന് ജില്ലാ കളക്ടർക്ക് സാധിക്കുമോ; അറിയിക്കുമോ? | (സി) | ടെൻഡർ സേവിംഗ്സ് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് ആസ്തിവികസന പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ജില്ലാ കളക്ടർക്ക് ഭരണാനുമതി നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ